**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1485** **30-08-2022 - ൽ മറുപടിയ്ക്ക്**

**കരമന-വെള്ളറട റോഡിനായുള്ള ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കരമന-വെള്ളറട റോഡിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | കരമന - വെള്ളറട റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നത് മൂന്ന് റീച്ചുകളായാണ്. പ്രസ്തുത മൂന്ന് റീച്ചുകളിലെ സ്ഥലമേറ്റെടുക്കൽ നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>റീച്ച് 1 - കരമന മുതൽ കുണ്ടമൺ കടവ് പാലം വരെ<br><br>തിരുവനന്തപുരം ജില്ലയിൽ തൈക്കാട്, തിരുമല, ശാസ്തമംഗലം, വട്ടിയൂർക്കാവ് എന്നീ വില്ലേജുകളിൽ നിന്നായി 1.1356 ഹെക്ടർ സ്ഥലം കരമന - വെള്ളറട റീച്ച് 1 വികസനത്തിന് 2013-ലെ എൽ.എ.ആർ.ആർ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും, സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി സമുചിത സർക്കാർ തീരുമാനം കൈക്കൊണ്ട് 11(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. 2013-ലെ എൽ.എ.ആർ.ആർ ആക്ട് പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ച് 12 മാസത്തിനുള്ളിൽ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കാൻ സാധിക്കില്ലായെന്ന് ജില്ലാ കളക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുള്ള കാലാവധി 04.01.2022 ലെ സ.ഉ(അച്ചടി) 8/2022/റവ, 13.06.2022 ലെ സ.ഉ(അച്ചടി) 176/2022/റവ, എന്നീ ഉത്തരവുകൾ പ്രകാരം ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. നിലവിൽ എൽ.എ സർവ്വെ നടപടികൾ പൂർത്തീകരിച്ചു വരുന്നു. പുനരധിവാസ പുനഃസ്ഥാപന പാക്കേജ് പ്രസിദ്ധീകരിച്ച് 19(1) പ്രഖ്യാപനം (അന്തിമ വിജ്ഞാപനം) |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചു വരുന്നു.<br><br><u>റീച്ച് 2 - കുണ്ടമൺ കടവ് പാലം മുതൽ ഞാറവിള വരെ</u><br><br>തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ, മലയിൻകീഴ്, കുളത്തുമ്മൽ, വീരണകാവ്, വിളവൂർക്കൽ, മാറനല്ലൂർ എന്നീ വില്ലേജുകളിലെ 4.5670 ഹെക്ടർ ഭൂമി കരമന - വെള്ളറട റോഡ് റീച്ച് 2 വികസനത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി വിദഗ്ധ സമിതി രൂപീകരിച്ച് 25/01/2022-ലെ സ.ഉ.(കൈ). നം.23/2022/റവ, 05/04/2022-ലെ സ.ഉ.(കൈ) നം. 97/2022/റവ എന്നീ ഉത്തരവുകൾ പ്രകാരം എൽ.എ.ആർ.ആർ ആക്ട്, 2013 ലെ സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. നിലവിൽ, സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആക്ടിൽ നിഷ്കർഷിക്കുന്ന നിശ്ചിത സമയ പരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം (അന്തിമ വിജ്ഞാപനം) പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br><u>റീച്ച് 3 - ഞാറവിള മുതൽ വെള്ളറട വരെ</u><br><br>തിരുവനന്തപുരം ജില്ലയിലെ കുളത്തുമ്മൽ, ഒറ്റശേഖരമംഗലം, കീഴാറൂർ, വെള്ളറട എന്നീ വില്ലേജുകളിലെ 4.5499 ഹെക്ടർ ഭൂമി കരമന - വെള്ളറട റോഡ് റീച്ച് 3 വികസനത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി വിദഗ്ധ സമിതി രൂപീകരിച്ച് 25/01/2022 ലെ സ.ഉ.(കൈ) നമ്പർ 22/2022/റവ പ്രകാരം എൽ.എ.ആർ.ആർ ആക്ട്, 2013 ലെ സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. നിലവിൽ, സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആക്ടിൽ നിഷ്കർഷിക്കുന്ന നിശ്ചിത സമയ പരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം (അന്തിമ വിജ്ഞാപനം) പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായുള്ള അന്തിമ വിജ്ഞാപനം എത്രയും വേഗം പുറപ്പെടുവിക്കുന്നത് | (ബി) | 19(1) പ്രഖ്യാപനം (അന്തിമ വിജ്ഞാപനം) പുറപ്പെടുവിച്ചതിനു ശേഷം അടിസ്ഥാന ഭൂവില |

| | | | |
|---|---|---|---|
| | സാധ്യമാക്കുന്നതിനും സമാന്തരമായി വാല്വേഷൻ കണക്കാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | നിശ്ചയിക്കുന്നതും കെട്ടിടങ്ങളുടെയും, വൃക്ഷങ്ങളുടെയും വിലനിർണ്ണയം കണക്കാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ